"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - 'Setting up Showroom for Palm Handicrafts Units' എന്ന പദ്ധതിക്ക് '4851-00-104-99(P)' എന്ന ശീർഷകത്തിൽ നിന്നും കെൽപാമിന് തുക അനുവദിക്കുന്നതിന് വേണ്ടി ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.262/2024/ID തീയതി,തിരുവനന്തപുരം, 27-03-2024

---

പരാമർശം:- 1. സ.ഉ.(സാ.ധാ )നം.772/2023/വ്യവ. തീയതി: 31.07.2023.

2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 01.03.2024 -ലെ DIC/1238/2024-HC-H നമ്പർ കത്ത്.

**ഉത്തരവ്**

കെൽപാമിന്റെ 'Setting up Showroom for Palm Handicrafts Units' എന്ന പദ്ധതിയ്ക്ക് 2023-24 സാമ്പത്തിക വർഷം '2851-00-104-86 (പി)' ശീർഷകത്തിൽ പരാമർശം (1) പ്രകാരം 14,95,006 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ നിലവിൽ പ്രസ്തുത ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷം ബജറ്റ് വിഹിതം അവശേഷിച്ചിരുന്നില്ല.

2) ടി സാഹചര്യത്തിൽ, '4851-00-104-99(പി)' എന്ന ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷം അവശേഷിക്കുന്ന ബജറ്റ് വിഹിതത്തിൽ നിന്നും 'Setting up Showroom for Palm Handicrafts Units' എന്ന പദ്ധതിക്കായി കെൽപാമിനു തുക അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്ന കെൽപാമിന്റെ 'Setting up Showroom for Palm Handicrafts Units' എന്ന പദ്ധതിയ്ക്ക് '4851-00-104-99(പി)' എന്ന ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും തുക ചെലവഴിക്കുന്നതിന് ഭരണാനുമതി പുതുക്കി നൽകിക്കൊണ്ടും ടി ശീർഷകത്തിൽ നിന്നും 5 ലക്ഷം രൂപ ( അഞ്ച് ലക്ഷം രൂപ മാത്രം) e-lams ൽ പോസ്റ്റ് ചെയ്യുന്നതിന് അനുമതി നല്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കെൽപാം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
ധനകാര്യ വകുപ്പ്
CEO, കെ-ബിപ്, തിരുവനന്തപുരം
വെബ് & ന്യൂമീഡിയ
സ്റ്റോക്ക് ഫയൽ (IND-K3/29/2024-IND )

ഉത്തരവിൻ പ്രകാരം
Signed by
S Padmaja
Date: 27-03-2024 15:15:47
സെക്ഷൻ ഓഫീസർ